പ്രസ്സ് ചെയ്യ് നിങ്ങളുടെ വോട്ട് ആവശ്യപ്പെടുന്നില്ല. അതിനാൽ നിങ്ങളുടെ അനുവാദത്തോടുകൂടി ഞാൻ ഈ പ്രമേയം പിൻവലിക്കുന്നു.

Resolution, by leave, withdrawn.

Resolution No. 33

Introduction of English Education in the Vernacular Primary Schools

* **Mr. B. M. Peter** *(Latin Christians-Mattancheri)*: *Sir, I move "This Councilil recommends to the Government to introduce English Education also in all classes of Vernacular Primary Schools in the State."*

സർ, പട്ടണങ്ങളെ വിട്ട്, ഗ്രാമങ്ങളിലേക്ക് നിങ്ങളുടെ കണ്ണുകളെ തിരിക്കുന്നതായാൽ അവിടെയുള്ള മിക്കസ്കൂളുകളും വർണ്ണാകുലർ പ്രൈമറി സ്കൂളുകളായിട്ടാണ് കാണാൻ സാധിക്കുക. ഇംഗ്ലീഷ് അദ്ധ്യയനം കൊടുക്കുന്ന സ്കൂളുകൾ വില്ലേജ് പാട്ടകളിൽ വളരെ ചുരുക്കം മാത്രമാണ്. നാം ഗ്രാമോദ്ധാരണത്തിനു വേണ്ടി പുറപ്പെട്ടപ്പോൾ, വിദ്യാഭ്യാസവിഷയത്തിൽ ഇംഗ്ലീഷ് അദ്ധ്യയനം ചെയ്യുന്നതിനു ഫീസ്സ് കൊടുക്കുന്നില്ല എന്നുള്ള കാരണത്തിന്മേൽ വില്ലേജ് നിവാസികൾക്കു ഇതുപോലെയുള്ള ആനുകൂല്യങ്ങൾ കൊടുക്കുകയില്ല എന്നു വിചാരിക്കുന്നതു് കഷ്ടാൽ കഷ്ടതരമാണ്. അദ്ധ്യയനം ചെയ്യുന്ന കുട്ടികൾക്കും, അദ്ധ്യാപനം നടത്തുന്ന ഗുരുക്കന്മാർക്കും ഇംഗ്ലീഷ് വിദ്യാഭ്യാസം ചെയ്യുന്നതിനും ചെയ്യിക്കുന്നതിനും ഒന്നുപോലെ സമ്മതമുള്ള സംഗതിയാണ്. പക്ഷെ അതിനുവേണ്ടി വർണ്ണാകുലർ സ്കൂളുകളിൽ ഇപ്പോഴുള്ള നിയമപ്രകാരം എന്തു കാപിറ്റേഷനാണ് വേണ്ടതെന്നു നിശ്ചയിച്ചിട്ടുണ്ടോ അതേ കോപിറ്റേഷൻ മാത്രമാണ് ഇംഗ്ലീഷ് സ്കൂളുകളിലും നിശ്ചയിച്ചിട്ടുള്ളതു്. അതുകൊണ്ടു ഗവൺമെണ്ടിലേക്കു വലുതായ ചിലവുകൂടാതെ തന്നെ ഇരുകൂട്ടരുടേയും അപേക്ഷകം സ്വീകരിക്കുവാൻ സാധിക്കുന്നതാണ്. നമ്മുടെ രാജ്യത്തുള്ള പട്ടണങ്ങളിൽ ജോലി ചെയ്യുന്ന ജോലിക്കാർ ഇംഗ്ലീഷിന്റെ ആദ്യത്തെ പടിയായ A. B. C. D എങ്കിലും അറിയുന്നതു ഇക്കാലത്തു ഉത്തമമായിരിക്കുമെന്നാണ് എന്റെ ഏറ്റവും വിനീതമായ അഭിപ്രായം. കൊച്ചിക്കാരായി ഹാർബറിൽ അനേകായിരം കൂലിക്കാർ ജോലിചെയ്യുന്നുണ്ട്. അവിടെ അനേകം വിദേശികളും ജോലിചെയ്യുന്നുണ്ട്. അവരുടെ ഇടയിലാണ് ഇവരും ജോലിചെയ്യുന്നതു്. അവർ എന്തെങ്കിലും സാധനം ഇംഗ്ലീഷിൽ ആവശ്യപ്പെടുമ്പോൾ അതു മനസ്സിലാക്കാൻപോലുമുള്ള ശക്തി നമ്മുടെ രാജ്യത്തിലെ പ്രജകൾക്കു വന്നിട്ടില്ലെന്നുള്ളതു ആലോചിക്കുമ്പോൾ അതു വളരെ കഷ്ടമായിട്ടുള്ളതാണ്. ആയതുകൊണ്ടു ഗവൺമെണ്ടിനു ഇതു സ്വീകരിക്കുവാൻ വലിയ പ്രയാസമുണ്ടായിരിക്കുകയില്ല എന്നുള്ള വിശ്വാസത്തോടുകൂടി ഞാൻ ഈ പ്രമേയം ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

*മിസ്റ്റർ കെ. എസ്സ്. പണിക്കർ: സർ, ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു. ഈ വിഷയം നിയമസഭക്കു പുത്തരിയല്ല, ഇതിനു മുമ്പും ഈ നിയമസഭയിൽ കൊണ്ടുവന്നിട്ടുള്ള ഒരു വിഷയമാണിതു്. ഇംഗ്ലീഷ് സ്കൂളുകളിലെ അദ്ധ്യാപകന്മാർക്കും, മലയാളം സ്കൂളുകളിലെ അദ്ധ്യാപകന്മാർക്കും തുല്യ യോഗ്യതവേണമെന്നുള്ളതുകൊണ്ടു, ഇംഗ്ലീഷ് പഠിപ്പിക്കുന്നതിനു പ്രത്യേകം പരീക്ഷായോഗ്യതയുള്ള അദ്ധ്യാപകന്മാരെ നിയമിക്കേണ്ടതായ ബുദ്ധിമുട്ടു് ഗവൺമെണ്ടിനുണ്ടാകുകയില്ല. പക്ഷെ ഒരു നഷ്ടം വന്നേക്കാം. ഇംഗ്ലീഷ് സ്കൂളുകളിലെ അദ്ധ്യാപകന്മാരെ നിയമിക്കുന്നതു് വർഗ്ഗകൃപാമൂലമല്ലാണ്. മലയാളം സ്കൂളുകളിലെ അദ്ധ്യാപകന്മാരെ വർഗ്ഗകൃപാമൂലമല്ലാണ്. ഈ ഒരു വ്യത്യാസം മാത്രമെ ഇതിലുള്ളു. ആ ഒരു നിസ്സാരമായ ചിലവേ മലയാളം സ്കൂളുകളിൽ ഇംഗ്ലീഷ് സ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളം കൊടുക്കുന്നതിനു വേണ്ടിവരികയുള്ളു. പ്രാഥമിക വിദ്യാഭ്യാസം നിർബ്ബന്ധിതമാക്കണമെന്നു വിചാരമുള്ള കൊച്ചിക്കാർക്കു്, പ്രാഥമികവിദ്യാഭ്യാസം സിദ്ധിക്കുന്നതോടുകൂടി ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ പ്രാഥമികമായ ജ്ഞാനംകൂടി അറിയാൻ ഉപയോഗപ്പെടത്തക്കവിധത്തിൽ, കഴിഞ്ഞകാലത്തുണ്ടായിരുന്നതുപോലെ മലയാളം സ്കൂളുകളിൽ ഇംഗ്ലീഷ് വിദ്യാഭ്യാസംകൂടി ഏർപ്പെടുത്തുന്നതു് ജനങ്ങൾക്കു് വളരെ ഉപകാരമായിരിക്കും എന്നുള്ള പരിപൂർണ്ണമായ വിശ്വാസത്തോടുകൂടിയാണു് ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നതു്. ഇതു് ഒരുപക്ഷെ ഗവൺമെണ്ടു സ്വീകരിക്കുമെന്നുള്ള വിശ്വാസം എനിക്കുണ്ടു്. കൊച്ചിരാജ്യത്തിലെ ജനങ്ങൾക്കു് മലയാളസാക്ഷരതാ കൊടുക്കാൻ ഗവൺമെണ്ടു ഉത്സാഹിക്കുന്നതു

*Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

പോലെ, ഇംഗ്ലീഷിന്റേയും പ്രാഥമികമായ ഒരു ജ്ഞാനംകൂടി നൽകുന്നകാര്യത്തിൽ ഗവ ൺമെണ്ടു വിമുഖത കാണിക്കുയില്ലെന്നുള്ള വിശ്വാസത്തോടുകൂടിയും; ഗവൺമെണ്ടു് ഈ പ്രമേയത്തെ എതുക്കുകയില്ലെന്നുള്ള വിശ്വാസത്തോടുകൂടിയും ഞാൻ ഇതിനെ അനുകൂലിക്കുന്നു.

***Rao Sahib I. N. Menon** *(Director of Public Instruction)*:* Sir, I am sorry to have to disappoint the Hon'ble Member by saying that the Government cannot see eye to eye with the Mover of the resolution or the Hon'ble Member who supported it. I am sure that in this particular case I do not stand isolated, solitary or alone. I am sure of the support of this House. Sir, it is only the other day that we had from another Hon'ble Member who unfortunately is absent to-day a resolution demanding the introduction without unnessary modications of the Wardah Scheme. The most important part of the Wardah Scheme barring its basic industrial or craft education is the insistence upon the use of the mother tongue and the Wardah Committee made great insistence on this recommendation that no attempt should ever be made to teach a foreign language in the earlier years of a child's life. Nearly 30 years ago one of our own very distinguished Diwan Sir A. R. Bannerjee, in writing a very important despatch on education which has come to be called the Blue Book on education laid great stress on elementary education being entirely in the vernacular. And after thirty years of progress I am surprised that there should be a demand for the introduction of a foreign language in the carriculum of our elementary schools. Evidently the Hon'ble Members are not aware of the actual capacities of the boys and girls who attend these schools. They have normally to study their own mother tongue to-day. Though they are not strangers they are yet newly initiated, they have to learn a certain amount of local history and geography, they have to learn the rudiments of arithmetic and if you are going to impose upon them the study of a foreign language with which they are entirely unfamiliar I think the course of elementary education will have to be lengthened and considering the trend of the time more than anything else I think this measure apart from its technical feasibility or otherwise cannot be called a popular measure. For one thing, it is bound to increase our expenditure because I do not accept the view taken by the Hon'ble Mover that English can be included in the curriculum of the four classes of the elementary schools. Their time is fully taken up. I may be asked how English Primary schools manage. There the teaching of the other subjects is curtailed and I should think curtailed to the detriment of the pupils. If the teaching of English is to be introduced into the curriculum of the elementary schools I can see no other way of doing it except by prolonging the course and there is provision for that by the addition of a Preparatory Class. In fact the trend of our administrative practice has been different. We have been trying to vernacularise the primary classes of our high schools. Take the case of the Mulanthuruthi High School. Take the case of the lower secondary school at Kodakara and even of secondary schools. So that a better foundation may be laid for the teaching of the mother tongue. And what is the advantage that is alleged to accrue from the introduction of English. What is the amount of English that can be taught to the elementary school children. Obviously it is not possible to teach English in the first two classes because they are not even familiar with their own vernacular alphabet. So that there are only two classes, the third and the 4th standards. Instead of doing that it is far better to give them an unalloyed vernacular education during the first four years and give them the preparatory class at the end of the fourth year if they want. At present we are trying to encourage the opening of lower secondary schools. I tried to explain on a different occasion the reason for this. We are anxious that a child should be kept at school under the influence of teachers and vernacular instruction given as long as it is possible so that by an increase in the number of secondary schools that secondary education is taken to the very door of the children the temptation to remain at school may be stronger.

There is also another factor, *i.e.*, the financial side. If we are going to have preparatory classes it means additional expenditure. If this resolution is accepted, Government will have to surrender a lakh of rupees immediately by way of fees because all elementary schools which are free will also have English, and the Primary Departments of English Schools must perish. And we lose the fee income which approximately I have calculated just now to be over a lakh of rupees. I do not therefore think, Sir, that this resolution commends itself in virtue of its intrinsic merit because it goes against the times. It proposes to lay a big burden on the shoulders of the young children who are just being initiated into the mysteries of the alphabet.

And lastly it calls upon the Government to surrender a big slice of its income. After all the income from the Education Department is only just over three lakhs and it asks for a surrender

*Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

of income and also invites an additional expenditure. For these reasons Government cannot accept this resolution.

മിസ്റ്റർ ബി. എം. പീറർ: സർ, ഈ പ്രമേയത്തെ സഭയുടെ അനുവാദത്തോടുകൂടി ഞാൻ പിൻവലിച്ചുകൊള്ളുന്നു.

Resolution, by leave, withdrawn

Mr. T. S. Ramachandra Ayyar *(Chittur-Tattamangalam)* : In view of the thinness of the house, I move that the house be adjourned.

Mr. V. K. Kutty *(Nominated)*: I second it.

Adjournment motion put to vote and carried

The House was adjourned sine die at 4-15 p.m.

N. S. RADHAKRISHNA SARMA
Secretary to the Council

LIBRARY ARCHIVES Kerala Legislative Assembly